**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 665** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ നൈപുണ്യ വികസനത്തിനും തൊഴിൽ സംവരണത്തിനും നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. ടി. ജെ. വിനോദ്

ശ്രീമതി ഉഷ വിജയൻ

ശ്രീ. കെ. എം. അഭിജിത്ത്

ശ്രീ. കെ. പ്രവീൺ കുമാർ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** പി.എസ്.സി, യു.പി.എസ്.സി അടക്കമുള്ള മത്സരപരീക്ഷകൾക്കുള്ള പരിശീലനം, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന് പലപ്പോഴും സാമ്പത്തികമായും പ്രാദേശികമായും അപ്രാപ്യമാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ടി വിഭാഗത്തിലുള്ളവർക്ക് മത്സരപരീക്ഷകൾക്ക് പരിശീലനം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ;

**<u>മറുപടി:</u>** വിവിധ മത്സര പരീക്ഷകൾക്ക് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം ഉദ്യോഗാർത്ഥികളെ പരിശീലിപ്പിക്കുന്നതിന് തിരുവനന്തപുരം, എറണാകുളം, പാലക്കാട്, കോഴിക്കോട് ജില്ലകളിൽ പ്രി എക്സാമിനേഷൻ ടെയിനിംഗ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു.

പട്ടികവർഗ്ഗ വിഭാഗത്തിലെ യുവതി-യുവാക്കൾക്ക് ബാങ്കിംഗ് സർവീസ്, UPSC, SSC, KPSC തുടങ്ങിയ മേഖലകളിലെ മത്സരപരീക്ഷകളിൽ പങ്കെടുക്കുന്നതിനാവശ്യമായ പരിശീലനം ലഭ്യമാക്കുന്നതിനായി "Financial Assistance for Competitive Exam Coaching " എന്ന പരിശീലന പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു.

പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം, തൊഴിൽ, ഉന്നമനം എന്നിവ ലക്ഷ്യമാക്കി ഓരോ വർഷവും ഡിഗ്രി പരീക്ഷയിൽ 50% മാർക്ക് ലഭിച്ച വിദ്യാർത്ഥികൾക്ക് സിവിൽ സർവീസ് പരിശീലനം നൽകിവരുന്നു. 30 വയസ്സിനു താഴെ പ്രായമുള്ളതും കുടുംബ വാർഷിക വരുമാന പരിധി രണ്ടര ലക്ഷം രൂപയിൽ അധികരിക്കാത്തതുമായ 50 ഉദ്യോഗാർത്ഥികൾക്ക് ആദ്യഘട്ടത്തിൽ ഓറിയെന്റേഷൻ ക്യാമ്പ് നടത്തുകയും തെരഞ്ഞെടുക്കപ്പെടുന്ന 30 പേർക്ക് ഇന്ത്യയിലെ മികച്ച പരിശീലന സ്ഥാപനങ്ങളിൽ പഠിക്കുന്നതിന് അവസരം

നൽകുകയും ചെയ്യുന്നു.

**(ബി)** മോഡൽ റസിഡൻഷ്യൻ സ്കൂളുകൾ ആധുനികവത്കരിക്കുന്നതിനും സ്മാർട്ട് ക്ലാസ്റൂമുകളും കമ്പ്യൂട്ടർ പരിശീലനത്തിന് മതിയായ സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനും സ്കൂൾതലം മുതൽ നൈപുണ്യ വികസനത്തിനുള്ള സാധ്യതകൾ ഒരുക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ;

**മറുപടി:** പട്ടികജാതി വകുപ്പിനു കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ (എം ആർ എസ്സ്) ആധുനിക വത്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കമ്പ്യൂട്ടർ ലാബുൾപ്പെടെയുള്ള ലാബ് സജ്ജീകരണങ്ങൾ എം ആർ എസ്സിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ഓരോ എം ആർ എസ്സ്-കളിലേക്കും മികച്ച സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി ലഭ്യമാകുന്ന പ്രൊപ്പോസലുകൾ പരിശോധിച്ച് അനുമതി നൽകി വരുന്നു. പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കി വരുന്ന പാഠ്യ-പാഠ്യേതര പദ്ധതികളാണ് എം ആർ എസ്സുകളിലും നടപ്പിലാക്കി വരുന്നത്. ടി പാഠ്യ പദ്ധതികൾക്കു പുറമേ വിദ്യാർത്ഥികൾക്കു കൃത്യമായ ഇടവേളകളിൽ മോട്ടിവേഷൻ ക്ലാസുകളും കരിയർ ഗൈഡൻസ് ക്ലാസുകളും നൽകി വരുന്നുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെയും ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെയും പ്രവർത്തനം ആധുനികവൽക്കരിക്കുന്നതിനും മികച്ചതാക്കുന്നതിനും, കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിനുമായി സ്മാർട്ട് ക്ലാസ്സ് റൂമുകളും കമ്പ്യൂട്ടർ പരിശീലനത്തിന് മതിയായ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ UNICEF ന്റെ സഹായത്തോടെ ആരോഗ്യ ജീവിത നൈപുണി വിദ്യാഭ്യാസം എന്ന പേരിൽ മോഡൽ റസിഡൻഷ്യൽ സ്കൂളിലെ കുട്ടികളുടെ പഠന നിലവാരവും ജീവിത നിലവാരവും മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നുണ്ട്. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ആധുനിക പഠനരീതിയുടെ ഭാഗമായി പഠനപ്രക്രിയ ആയാസരഹിതവും ആനന്ദകരവുമാക്കുന്നതിനായി സ്മാർട്ട് ക്ലാസ്സ്റൂം സജ്ജീകരിച്ചിട്ടുണ്ട്. +2 തലം വരെയുള്ള 12 സ്കൂളുകളിൽ 2 വീതം സ്മാർട്ട് ക്ലാസ്സ് റൂമുകളും 10 വരെയുള്ള സ്കൂളുകളിൽ ഒരു സ്മാർട്ട് ക്ലാസ്സ് റൂമുമാണ് സജ്ജീകരിച്ചിട്ടുള്ളത്. കൂടാതെ എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും ഒരേ സമയം 40 കുട്ടികൾക്ക് കംപ്യൂട്ടറുകൾ ഉപയോഗിക്കുവാൻ കഴിയുന്ന രീതിയിൽ കപ്യൂട്ടർ ലാബ് സജ്ജീകരിച്ചിട്ടുണ്ട്. ഹയർ സെക്കണ്ടറി ക്ലാസ്സുകൾ നിലവിലുള്ള സ്കൂളുകളിൽ ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്കായി പ്രത്യേക കംപ്യൂട്ടർ ലാബുകളും, സയൻസ് ലാബ്, ലാംഗ്വേജ് ലാബ് എന്നിവയും സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ നൈപുണ്യ വികസനത്തിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനായി മഞ്ചാടി മഴവില്ല് പദ്ധതി, പ്രോജക്ട് ഡ്രൈവ്, അസാപ്, മുഖേനയുള്ള ക്ലാസ്സുകൾ, കരിയർ ഗൈഡൻസ് ക്ലാസ്സുകളും നൽകി വരുന്നുണ്ട്. ഇവരുടെ കലാപരവും കായികപരവുമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കളിക്കളം എന്ന പേരിൽ സ്പോർട്സ് മീറ്റും സർഗോത്സവം എന്ന പേരിൽ കലാമേളയും സംഘടിപ്പിച്ച് വരുന്നുണ്ട്.

**(സി)** പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രാതിനിധ്യം നിർദ്ദിഷ്ട തോതിൽ ഇല്ലാത്ത തൊഴിൽമേഖലകളും തസ്തികകളും കണ്ടെത്തി സ്പെഷ്യൽ റിക്രൂട്ട്മെന്റ് ശക്തിപ്പെടുത്തുന്നതിനും

തൊഴിൽമേഖലയിലെ സംവരണാനുകൂല്യം ഫലവത്തായി നടപ്പിലാക്കുന്നതിനും ശക്തമായ നടപടികൾ സ്വീകരിക്കുമോ?

**മറുപടി:** പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രാതിനിധ്യം നിർദ്ദിഷ്ട തോതിൽ ഇല്ലാത്ത തൊഴിൽമേഖലകളും തസ്തികകളും കണ്ടെത്തി സ്പെഷ്യൽ റിക്രൂട്ട്മെന്റ് ശക്തിപ്പെടുത്തുന്നതിനും തൊഴിൽമേഖലയിലെ സംവരണാനുകൂല്യം ഫലവത്തായി നടപ്പിലാക്കുന്നതിനും ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**